# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# കുറുവങ്ങാട് സെൻട്രൽ യു പി സ്കൂൾ



## ആമുഖം

സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികളുടെ പൂർണമായ മാനസിക, സാംസ്കാരിക, ഭൗതിക വികസനങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം വച്ചാണ് സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തിയത്. വിവിധ നിലവാരങ്ങളിലുള്ള കുട്ടികളുടെ പഠനനില മനസ്സിലാക്കി പഠന വിടവ് നികത്താൻ ആവശ്യമായ പരിഹാരബോധന പ്രക്രിയയിൽ ഏർപ്പെടുമ്പോൾ വിദ്യാർത്ഥികളിൽ അറിവ് നേടലിനെയും അന്വേഷണ മനോഭാവത്തെയും വ്യക്തമായ ആശയവിനിമയത്തിനെയും വളർത്തുന്നതിനുള്ള കൃത്യമായ മാർഗരേഖകളാണ് ഈ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. അവരെ നാളെയുടെ നല്ല പൗരന്മാരായി വളർത്തിയെടുക്കുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യം.

| തെളിയുന്ന സർഗാത്മകത വളരട്ടെ വായന മൂല -മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
| ഒന്നു മുതൽ ഏഴ് വരെയുള്ള ക്ലാസിലെ കുട്ടികളെ വായനയിലേക്ക് എത്തിക്കൽ | **വളരുന്ന വായനാ മൂല**<br>വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനം. പിറന്നാളിനും മറ്റു വിശേഷങ്ങളിലും കുട്ടികൾ ക്ലാസ് വയനാട് മൂലയിലേക്ക് പുസ്തകങ്ങൾ സംഭാവന ചെയ്യുന്നു. വായനാ മൂലയിലെ പുസ്തകങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് ക്ലാസ് ലൈബ്രറിയൻമാരെ തിരഞ്ഞെടുക്കുന്നു. കുട്ടികളിൽ നിന്ന് ആസ്വാദനക്കുറിപ്പ് വായനക്കുറിപ്പ് കഥാസംഗ്രഹം ബുക്ക് റിവ്യൂ തുടങ്ങിയവ ക്ലാസിൽ അവതരിപ്പിക്കുന്നു | Hm<br>ക്ലാസ് ടീച്ചർ<br>PTA | വർഷം മുഴുവൻ | |
| വായന കമ്പം വളർത്തുന്നതിന് | **കുടുംബ വായന വിട്ടു വായന**<br>കഥകൾ കവിതകൾ മറ്റു പുസ്തകങ്ങൾ എന്നിവ കുടുംബാംഗങ്ങളുമായി പങ്കിട്ടു വായിക്കുന്നു. രക്ഷിതാക്കൾ പുസ്തകം രസകരമായി വായിച്ചു നിർത്തുന്നു. അവരുടെ സഹായത്താൽ ബാക്കി കുട്ടികൾ വായിക്കുന്നു. | CPTA | ജൂൺ ജൂലൈ | |

| | | | | |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം സംവേദന നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **ഭാഷാ കേളി**<br>◆ അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ വായിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.<br>◆ വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്<br>◆ അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്കുകളുടെയും നിർമ്മാണം<br>◆ പാഠപുസ്തകത്തിലെ പുതിയ പദങ്ങൾ കണ്ടെത്തി നിഘണ്ടു നിർമ്മിക്കൽ<br>◆ ഡയറി എഴുത്ത് | മലയാളം അധ്യാപകൻ | സെപ്റ്റമ്പർ ഒക്ടോബർ | |
| സാഹിത്യകൃതികളോടും സാഹിത്യകാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | ഡോക്യുമെന്ററി പ്രദർശനം<br>അഭിമുഖം<br>ICT | മലയാളം അധ്യാപകൻ | നവംബർ ഡിസംബർ | |

## ഇംഗ്ലീഷ് അക്കാദമി മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| വായന പരിശീലനം | വായന കാർഡുകൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയുടെ ശേഖരണം<br>ആഴ്ചയിൽ മൂന്ന് ദിവസം വായന കാർഡുകൾ വായിക്കുന്നു<br>ക്ലാസ് റൂമിൽ വായന മൂല സജ്ജീകരിക്കുന്നു | ഇംഗ്ലീഷ് അധ്യാപകൻ | ജൂൺ<br>ജൂലൈ | |
| മികച്ച വായനക്കാരെ തെരഞ്ഞെടുക്കൽ | പത്രവായന<br>ക്ലാസ്സിൽ വായന മത്സരം<br>ഇംഗ്ലീഷ് ന്യൂസുകൾ കേൾക്കാനുള്ള അവസരം<br>ഇംഗ്ലീഷ് ദിനപത്രം വായിക്കാൻ അവസരം നൽകി റീഡേഴ്സ് ഓഫ് മന്തിനെ ആദരിക്കുന്നു. | അധ്യാപകൻ | സെപ്റ്റമ്പർ<br>ഒക്ടോബർ | |
| തെറ്റ് കൂടാതെ എഴുതാൻ പ്രാപ്തരാക്കുന്നു | പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ ക്ലാസ് റൂമിൽ പ്രദർശിപ്പിക്കുന്നു<br>ക്ലാസിലെ ഗ്രൂപ്പുകൾ ആക്കുന്നു ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റു കൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്കുകൾ കൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയികളായി പ്രഖ്യാപിക്കുന്നു. | അധ്യാപകൻ | നവംബർ<br>ഡിസംബർ | |

| | | | | |
|---|---|---|---|---|
| സംഭാഷണം | 5,6,7 ക്ലാസുകളിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ടു വരാൻ അവസരം നൽകുന്നു<br>ഇംഗ്ലീഷ് അസംബ്ലി<br>കഥ പറയൽ<br>കൊറിയോഗ്രാഫി സംഭാഷണം പ്രസംഗം കവിത പുസ്തകാസ്വാദനം തുടങ്ങിയ ഉൾപ്പെടുത്തി പരിപാടികൾ സംഘടിപ്പിക്കുന്നു | srg | ജനുവരി<br>ഫെബ്രുവരി | |

## അടിസ്ഥാന ശാസ്ത്രം -മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തിക ം |
|---|---|---|---|---|
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനികശാസ്ത്ര സാങ്കേതിവിധിയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു<br><br>പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ജീവിത ചരിത്രങ്ങൾ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | ശാസ്ത്ര അധ്യാപകൻ | ജൂൺ ജൂലൈ | |
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്ര മാസികൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി<br>ശാസ്ത്ര വിസ്മയ ചുമർ ശാസ്ത്രപഠായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു.<br>ശാസ്ത്ര എക്സിബിഷൻ | ശാസ്ത്ര അധ്യാപകൻ | സെപ്റ്റമ്പർ ഒക്ടോബർ | |
| പരീക്ഷണ പ്രവർത്തനങ്ങളിൽ ആത്മവിശ്വാസം വർധിപ്പിക്കൽ | ശാസ്ത്ര കിറ്റുകൾ തയ്യാറാക്കൽ ക്ലാസിൽ പരീക്ഷണങ്ങൾ ചെയ്യാൻ | ശാസ്ത്ര അധ്യാപകൻ | നവംബർ ഡിസംബർ | |

| | | | | |
|---|---|---|---|---|
| | എല്ലാ കുട്ടികൾക്കും അവസരം നൽകുന്നു പരീക്ഷണത്തെ തയ്യാറാക്കി ക്ലാസ് അവതരിപ്പിക്കുന്നു | | | |

## സാമൂഹ്യശാസ്ത്രം - അക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ ആശയങ്ങൾ പരിശോധിക്കൽ | അങ്കത്തട്ട് കളിയിൽനിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാനതല അറവ് പരീക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു<br>ഓർമ്മച്ചെപ്പ്<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കിICT ഉപയോഗിച്ച് test നടത്തുന്നു | സാമൂഹ്യശാസ്ത്ര അധ്യാപകൻ | ജൂൺ<br>ജൂലൈ | |

| | | | | |
|---|---|---|---|---|
| പഠിതാക്കളെ ചരിത്ര ബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ഫീൽഡ് ട്രിപ്പ് ICT സാധ്യത ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികൾ ചരിത്രബോധം വളർത്തുന്നു | SRG | സെപ്റ്റമ്പർ ഒക്ടോബർ | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയങ്ങളിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത ജനാധിപത്യ രീതികളുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു | PTA | നവംബർ ഡിസംബർ | |
| സഹ ജീവികളുടെ സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരയായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾ അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ എത്തിക്കുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപകൻ | ജനുവരി ഫെബ്രുവരി | |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുക | പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടുകൾക്ക് വിധേയമായ കാവുകൾ കണ്ടാൽ ജലാശയങ്ങൾ | SRG | ജനുവരി ഫെബ്രുവരി | |

| | | | | |
|---|---|---|---|---|
| | എന്നിവ സന്ദർശിച്ച് സർവ്വേ നടത്തുക | | | |

**ഗണിതം - അക്കാദമിക് മാസ്റ്റർ പ്ലാൻ**

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം മെച്ചപ്പെടുത്തുന്നതിനും, ഗണിത പ്രതിഭകളെ കണ്ടെത്തി വളർത്തുന്നതിനും, ഗണിതപരമായ സാഹിത്യരചനകൾ പ്രോത്സാഹിപ്പിക്കുന്നത ിനും ലക്ഷ്യമിടുന്നു. | ഗണിത ലാബ് സ്ഥാപിക്കൽ, ഗണിത ക്ലബ്, മാത്സ് ക്ലിനിക്ക്, ഗണിത മാഗസിൻ നിർമ്മാണം, മാത്സ് മെഗാ ക്വിസ്, ടാലന്റ് സെർച്ച് പരീക്ഷകൾ, റിസോഴ്സ് ടീച്ചേഴ്സ് ക്യാമ്പുകൾ, വീഡിയോ ക്ലാസുകൾ, നാട്ടറിവ് ശേഖരണം എന്നിവ ഉൾപ്പെടുന്നു | ഗണിത അധ്യാപകൻ | | |

## ഹിന്ദി-അക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. | ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി \| ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക.<br><br>പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ഹിന്ദിഅധ്യാപകൻ | ജൂൺ ജൂലൈ | |
| ഹിന്ദി വായന: തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ | | സെപ്റ്റമ്പർ ഒക്ടോബർ | |

| | | | | |
|---|---|---|---|---|
| | കാണിക്കും. | | | |
| ഹിന്ദി സംസാരം: ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും | നവംബർ ഡിസംബർ | | |
| വായനയ്ക്ക്.... | ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br><br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | | ജനുവരി ഫെബ്രുവരി | |